File No.IGR/24024/2016-RR7

27.1.17

രജിസ്ട്രേഷൻ വകുപ്പ്

## കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടിക്രമം

(ഹാജർ; ശ്രീ ഇ ദേവദാസൻ ഐ.എ.എസ്)

വിഷയം: രജിസ്ട്രേഷൻ വകുപ്പ്- പന്തളം സബ് രജിസ്ട്രാർ ആഫീസിലെ 685/16 നമ്പർ ആധാരത്തിൻറെ ഫീസ് റീഫണ്ട്-സംബന്ധിച്ച്.

സൂചന: 1.ശ്രീ പി പി വർഗ്ഗീസ് 12-04-2016 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

2. പത്തനംതിട്ട ജില്ലാ രജിസ്ട്രാർ(ജനറൽ) ൻറെ 09-09-2016 തീയതിയിലെ ഇ2-902/16 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ആർ ആർ 7- 24024/16**
**തിരുവനന്തപുരം തീയതി:19/01/2017**

പന്തളം സബ് രജിസ്ട്രാർ ആഫീസിൽ 12-04-2016 തീയതിയിൽ 685/2016 നമ്പരായി രജിസ്റ്റർ ചെയ്ത ധനനിശ്ചയാധാരത്തിന് അധികമായി ഈടാക്കിയ രജിസ്ട്രേഷൻ ഫീസ് റീഫണ്ട് ചെയ്ത് ലഭിക്കുന്നതിനായി സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സൂചന (2) പ്രകാരം ജില്ലാ രജിസ്ട്രാർ ലഭ്യമായിരിക്കുന്നു.

ടി ആധാരം പടിപ്പുരയ്ക്കൽ താഴേതിൽ ശ്രീ പി പി വർഗ്ഗീസ്, ടിയാന്റെ ഭാര്യ പടിപ്പുരയ്ക്കൽ താഴേതിൽ ശ്രീമതി ഏലിയാമ്മ വർഗ്ഗീസ് എന്നിവർ ചേർന്ന് മകന് സ്നേഹവാത്സല്യം,ആശ്രിതവാത്സല്യം എന്നിവ പ്രതിഫലമാക്കി എഴുതി കൊടുക്കുന്ന 45,00,000/- രൂപ വിലപിടിപ്പുള്ള ധനനിശ്ചയാധാരമാണ്. ഇത്തരത്തിൽ ധനനിശ്ചയം ചെയ്തു കൊടുക്കുന്ന വസ്തു ഒന്നാം കക്ഷിക്കും, രണ്ടാം കക്ഷിക്കും പ്രത്യേകം പ്രത്യേകം വിലയാധാരങ്ങൾ പ്രകാരം ലഭിച്ചതാണ്. 11-04-2016 തീയതിയിൽ 2000/- രൂപ മുദ്രപത്രത്തിൽ എഴുതി തയ്യാറാക്കി 12-04-2016 തീയതിയിൽ പന്തളം സബ് രജിസ്ട്രാർ രജിസ്ട്രേഷനായി ഹാജരാക്കുകയും, സബ് രജിസ്ട്രാർ 45,00,000/- രൂപ വില വരുന്ന ടി ധനനിശ്ചായാധാരത്തിന് 1 ശതമാനം നിരക്കിൽ 45,000/- രൂപ രജിസ്ട്രേഷൻ ഫീസിനത്തിൽ ഈടാക്കി 685/16 നമ്പരായി രജിസ്റ്റർ ചെയ്യുകയും ചെയ്തു.

22-01-2016 തീയതിയിലെ ജി ഒ (പി ) 19/2016/റ്റി ഡി ഉത്തരവ് പ്രകാരം കുടുംബാംഗങ്ങൾ തമ്മിലുള്ള ധനിശ്ചയാധാരത്തിന് പരമാവധി 25,000/-

രൂപ ഫീസ് ഈടാക്കേണ്ട സ്ഥാനത്ത് അധികമായി 45,000/- രൂപ രജിസ്ട്രേഷൻ ഫീസിനത്തിൽ ഈടാക്കിയതിനാൽ അധികമായി ഈടാക്കിയ ഫീസ് റീഫണ്ട് ചെയ്യുണമെന്നാവശ്യപ്പെട്ടാണ് ശ്രീ പി പി വർഗ്ഗീസ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

രജിസ്ട്രേഷൻ ഫീസ് പട്ടിക 1 (സി ) പ്രകാരം മറ്റു വിധത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്ത പക്ഷം മുദ്രവില കണക്കാക്കുന്നതിന് സാധാരണ സ്വീകരിക്കുന്ന വില രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കുന്നതിനുള്ള വില തന്നെ ആയിരിക്കേണ്ടതാണ്. 2000/- രൂപയുടെ മുദ്രപത്രത്തിൽ ടി ആധാരം തയ്യാറാക്കിയതിൽ നിന്നും കക്ഷിക്ക് ടി ആധാരം രണ്ട് ധനനിശ്ചയമാണ് എന്ന ബോദ്ധ്യമുള്ളതിനാലാകാമെന്ന് മനസ്സിലാക്കുന്നു. ആയതിനാൽ സബ് രജിസ്ട്രാർ 1 ശതമാനം നിരക്കിൽ 45,000/- രൂപ രജിസ്ട്രേഷൻ ഫീസിടാക്കിയത് ശരിയാണെന്ന് കാണുന്നു.

ടി ധനനിശ്ചയാധാരത്തിൽ ഭാര്യക്കും ഭർത്താവിനും പ്രത്യേകം പ്രത്യകം അവകാശപ്പെട്ട കിട്ടിയ സ്വത്തുക്കളാണ് ചേർത്തിരിക്കുന്നത്. ഇത് രണ്ട് ധനനിശ്ചയമാണ്. ആയതിന് പ്രത്യേകം പ്രത്യേകം മുദ്രവില വേണം. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ മാന്വൽ ഉത്തരവ് 226 (എ) യിലെ വ്യവസ്ഥാനുസരണം, സബ് രജിസ്ട്രാർ ഫീസ് നിർണ്ണയിച്ചതിൽ അപാകതയില്ല.

ടി വസ്തുതയുടെ അടിസ്ഥാനത്തിൽ പന്തളം സബ് രജിസ്ട്രാർ ആഫീസിൽ 685/16 നമ്പരായി രജിസ്റ്റർ ചെയ്ത ആധാരത്തിന് അധികമായി ഈടാക്കിയ രജിസ്ട്രേഷൻ ഫീസ് റീഫണ്ടിനായി ശ്രീ പി പി വർഗ്ഗീസ് സമർപ്പിച്ച അപേക്ഷ നിരസിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

www.edaadharam.in

Signature valid
Digitally signed by E DEVADASAN IAS
Date: 2017.01.19 18:15:47 IST
Reason: Approved

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

ശ്രീ പി പി വർഗ്ഗീസ്,
പടിപ്പുരയ്ക്കൽ താഴേതിൽ,
മാമ്പിലാലി, ഉമ്പമൺ പി ഒ
പത്തനംതിട്ട-689502.

പകർപ്പ്- 1. ജില്ലാ രജിസ്ട്രാർ(ജനറൽ), പത്തനംതിട്ട
2. സബ് രജിസ്ട്രാർ, പന്തളം
3.ഫയൽ/സ്റ്റോക്ക് ഫയൽ